പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1222 — 12/06/2014 -ൽ മറുപടിക്ക്

**ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പി. വിൻസെന്റ്.<br>''. ആർ. സെൽവരാജ്.<br>''. ലൂഡി ലൂയിസ്;<br>'' എം. എ. വാഹിദ്. | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ആധാരം രജിസ്ട്രേഷന് ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ആധാരങ്ങൾ തയ്യാറാക്കി ഓൺ ലൈനായി സമർപ്പിക്കുവാനും കക്ഷി യുടെ സൗകര്യത്തിന് അനുസരിച്ച് തീയതിയും സമയവും നിശ്ചയിച്ചു കൊണ്ടുള്ള ടോക്കൺ നേരത്തേ എടുക്കാ നുമുള്ള സൗകര്യം നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. |
| ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേ ശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) സംസ്ഥാനത്തെ 311 സബ് രജിസ്ട്രാർ ഓഫീ സുകളിലെയും വിവരങ്ങൾ ക്രോഡീകരിച്ച് തിരുവനന്തപുരത്തുള്ള ഡാറ്റാ സെന്ററിലെ കമ്പ്യൂട്ടറുകളിൽ ശേഖരിക്കുക വഴി രജിസ്ട്രേ ഷൻ സംബന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റി ക്കൊണ്ട്, സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തിൽ ഒരു പുതിയ ചുവടുവയ്പ് കാഴ്ചവയ്ക്കുവാൻ ഈ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നു. നിലവിലെ പ്രവർത്തന രീതിക്ക് പകരം, 311 സബ് രജി സ്ട്രാർ ഓഫീസുകളെയും ഒരു പ്രത്യേക കമ്പ്യൂട്ടർ ശൃംഖല വഴി തിരുവനന്തപുരത്തുള്ള ഡാറ്റാ സെന്ററുമായി ബന്ധപ്പെടുത്തി ക്കൊണ്ടുള്ള പ്രവർത്തനരീതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ അവിഭാജ്യഘട കമായ കണക്റ്റിവിറ്റി സൗകര്യം ബി.എസ്. എൻ.എൽ-ൽ നിന്ന് ലഭ്യമാക്കി, Kerala |

State Wide Area ശൃംഖലയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഈ സംവിധാനം പ്രാബല്യത്തിൽ വരുമ്പോൾ, സംസ്ഥാനത്തെ രജിസ്ട്രേഷൻ വിവരങ്ങൾ അപ്പപ്പോൾത്തന്നെ തിരുവനന്തപുരത്തെ കേന്ദ്ര കമ്പ്യൂട്ടറിൽ (സർവർ) ലഭ്യമാകുന്നു. അതുവഴി, സർക്കാരിന് രജിസ്ട്രേഷൻ സംബന്ധിച്ച സംസ്ഥാനതല വിവരങ്ങൾ ഉടനടി ലഭ്യമാകുന്നു. മറ്റു സേവനങ്ങൾക്കു പുറമെ ആധാരത്തിന്റെ ഉടമസ്ഥതയെക്കുറിച്ചുള്ള അത്യാവശ്യം വിവരങ്ങൾ പൊതുജനങ്ങൾക്ക് ഇന്റർനെറ്റിലൂടെ അറിയുവാനും, ബാങ്കുകൾക്കും മറ്റ് ധനകാര്യസ്ഥാപനങ്ങൾക്കും വസ്തുക്കളുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിനുമുള്ള സൗകര്യം ഇതുമൂലം ലഭിക്കും.

സി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

സി) രജിസ്ട്രേഷനായി ആഫീസിൽ ഹാജരാകേണ്ട സമയം കക്ഷികൾക്കുതന്നെ നിശ്ചയിക്കുന്നതിനുള്ള സൗകര്യമാണ് പ്രസ്തുത സംവിധാനത്തിലൂടെ ലഭിക്കുന്നത്. മേൽ സംവിധാനത്തിലൂടെ, പൊതുജനങ്ങൾക്ക് സമയലാഭം ഉണ്ടാകുന്നതാണ്. ഹാജരാക്കുന്ന ആധാരങ്ങളുടെ രജിസ്ട്രേഷൻ വ്യക്തമായ കാരണങ്ങൾ ഇല്ലാതെ നീട്ടിവയ്ക്കുന്നു എന്ന പരാതി ഇതിലൂടെ പരിഹരിക്കുവാൻ സാധിക്കും.

കൂടാതെ വിദേശത്തുള്ള കക്ഷികൾക്ക് ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അവരുടെ ഫോട്ടോ, വിരൽപതിപ്പ് എന്നിവ ഓൺലൈനായി സബ് രജിസ്ട്രാർ ആഫീസിൽ സമർപ്പിക്കുവാനും സാധിക്കും.

ഡി) ഓൺലൈൻ സംവിധാനവുമായി സഹകരിക്കുന്നവർ ആരൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

ഡി) രജിസ്ട്രേഷൻ, ട്രഷറി വകുപ്പുകൾക്ക് പുറമെ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, സി-ഡിറ്റ്, കെൽട്രോൺ എന്നീ സർക്കാർ സ്ഥാപനങ്ങൾ പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നു.

ഇ) ഈ സംവിധാനം നടപ്പാക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ?

ഇ)

1. പദ്ധതിയുടെ പരീക്ഷണഘട്ടത്തിന്, തിരുവനന്തപുരം ജില്ലയിലെ പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ 01.09.2011-ൽ തുടക്കം കുറിച്ചു. ആയത് വിജയകരമായി പൂർത്തീകരിച്ചതിന്റെയടിസ്ഥാനത്തിൽ, സംസ്ഥാനത്തെ 41 സബ് രജിസ്ട്രാർ ഓഫീസുകളിൽ പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തു.
2. ആദ്യഘട്ടത്തിൽ, ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ, വിവാഹം, ഗഹാൻ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷാ വിവരങ്ങൾ എന്നിവ ഓൺലൈനായി നല്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി.
3. സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള ഫയലിംഗ് ഷീറ്റുകളുടെ സ്കാനിംഗ് ജോലികൾ 5 സബ് രജിസ്ട്രാർ ഓഫീസുകളിൽ ആരംഭിച്ചു.
4. മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ നല്കുന്ന ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ പ്രാരംഭ ഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.
5. സബ് രജിസ്ട്രാർ ഓഫീസുകളിൽ വാല്യങ്ങളായി സൂക്ഷിച്ചിരിക്കുന്ന ആധാരപ്പകർപ്പുകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.
6. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നല്കുന്നതിനായി, 1980 മുതൽ 1990 വരെയുള്ള ആധാരവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ.